പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1981 10.10.2011 -ൽ മറുപടിക്ക്

പകർച്ചപ്പനി നിവാരണം

| ചോദ്യം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പകർച്ചപ്പനി നിയന്ത്രിക്കുന്നതിനായി കഴിഞ്ഞ നൂറു ദിവസത്തിനകം എത്ര തുക ചിലവഴിച്ചെന്ന് വെളിപ്പെടുത്തുമോ ? | (എ) | സാംക്രമിക രോഗനിയന്ത്രണത്തിനായുള്ള വിവിധ സംസ്ഥാന പദ്ധതികളിൽ നിന്നും കേന്ദ്രവിഷ്കൃത പദ്ധതിയായ NVBDCP യിൽ നിന്നുമായി എല്ലാ ജില്ലകൾക്കും കൂടി 1,44,81,000/- (ഒരു കോടി നാൽപ്പത്തി നാല് ലക്ഷത്തി എൺപതിനായിരത്തി ഒന്നായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ എല്ലാ ആശുപത്രികളിലും രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കായി ഈ തുക ഉപയോഗിച്ച് വരുന്നു. ജില്ലകളിലെ ഉപയോഗത്തിന്റെ കണക്ക് ലഭ്യമായി വരുന്നതേയുള്ളൂ. ഇതിനു പുറമേ എൻ.ആർ.എച്ച്.എം. വഴിയും പകർച്ചാ വ്യാധി നിയന്ത്രിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. നോൺ പ്ലാൻ ശീർഷകത്തിൽ ആവശ്യപ്പെട്ടതായ 7,82,000/ (ഏഴ് ലക്ഷത്തി എൺപത്തി രണ്ടായിരം) രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ